LIBRARY ARCHIVES Kerala Legislative Assembly

പൊതുകടം

133 (478) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം എത്ര കോടി രൂപയായിരുന്നു ;

(ബി) ഈ സർക്കാർ ഓരോ സാമ്പത്തിക വർഷവും എത്ര കോടിരൂപയുടെ പുതിയ കടം എടുത്തുവെന്ന് അറിയിക്കുമോ ;

(സി) 2015 മാർച്ച് 31 അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടിരൂപയായി വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) 2016 മാർച്ച് 31 ആകുമ്പോൾ പൊതുകടം എത്ര കോടിരൂപയായി വർദ്ധിക്കും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 31-3-2011 വരെ 78,673.24 കോടി രൂപയായിരുന്നു.

(ബി) ഈ സർക്കാർ ഓരോ സാമ്പത്തിക വർഷവും എടുത്ത കടത്തിന്റെ (തനി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

വർഷം	കടം (തനി)
2011-12	10744.94
2012-13	14142.66
2013-14	15448.23
2014-15	14692.08

(സി) 2014-15 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ 2015 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ പൊതുകടം 133701.15 കോടി രൂപയാണ്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 2015-16-ലെ അന്തിമ കണക്ക് ലഭ്യമാകുമ്പോൾ മാത്രമേ 2016 മാർച്ച് വരെയുള്ള പൊതുകടം സംബന്ധിച്ച യഥാർത്ഥ കണക്ക് വ്യക്തമാകുകയുള്ളൂ.

ശമ്പള പരിഷ്കരണം

134 (T479) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ശമ്പളക്കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് ഏതുവർഷവും ഏതുമാസവും മുതലാണ് ശമ്പള വർദ്ധനവ് നടപ്പാക്കേണ്ടത് ; പ്രസ്തുത തീയതി മുതൽ ശമ്പളപരിഷ്കരണം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകൾ പ്രതിഷേധമോ ആശങ്കയോ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുനടപടിയാണ് സ്വീകരിച്ചത് ;

(ഇ) ശമ്പളക്കമ്മീഷനെ നിയമിച്ചത് എന്നുമുതലാണെന്നും ആയതിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്. കമ്മീഷൻ കാലാവധി നീട്ടുന്നത് സംബന്ധിച്ച് നാളിതുവരെ തീരുമാനം എടുത്തിട്ടില്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly